# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3346 — 24/06/2013-ൽ മറുപടിക്ക്

## സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. കെ.രാജു

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി
( മുഖ്യമന്ത്രി )

എ) കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് നിലവിൽ വന്നതിനു ശേഷം ക്ഷേമനിധിയിൽ 3000 അപേക്ഷകർക്ക് അംഗത്വകാർഡ് നൽകിയിട്ടുണ്ട്. 60 വയസ്സ് കഴിഞ്ഞവരും അഞ്ചു വർഷത്തെ അംശാദായം ഒറ്റത്തവണയായി അടച്ച് ക്ഷേമനിധി അംഗത്വത്തിനും തദ്വാരാ ക്ഷേമനിധി പെൻഷന് അർഹരായവരുമായ 803 കലാ സാംസ്കാരിക പ്രവർത്തകർക്ക് ക്ഷേമനിധി പദ്ധതി വിവക്ഷിക്കും പ്രകാരം പ്രതിമാസം 1000 രൂപ വീതം ക്ഷേമനിധി പെൻഷൻ നൽകിവരുന്നു. 18 വയസ്സിനും 60 വയസ്സിനുമിടയ്ക്കുള്ളവരും ക്ഷേമനിധി അംഗത്വത്തിന് അർഹരായവരുമായ കലാ സാംസ്കാരിക പ്രവർത്തകരിൽ നിന്നും പ്രതിമാസ അംശാദായം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. ഇതിനായി കേരളത്തിലുടനീളമുള്ള അക്ഷയ കേന്ദ്രങ്ങളുടെ സേവനം വിനിയോഗിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്.

| | | | |
|---|---|---|---|
| ബി) | രോഗം ബാധിച്ച കലാകാരൻമാർ ആശ്രയമില്ലാതെ ഒറ്റപ്പെടുമ്പോൾ ഒരുമിച്ചു താമസിപ്പിക്കുന്നതിനുള്ള ഒരു അഭയകേന്ദ്രം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) | 2010 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റ് പ്രകാരമാണ് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകൃതമായിട്ടുള്ളത്. ഇതിനായി വിവക്ഷ ചെയ്ത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളാണ് നല്കി വരുന്നത്. അഭയ കേന്ദ്രം പണിയുന്നതിനുള്ള നിർദ്ദേശം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

Sheela H
സെക്ഷൻ ഓഫീസർ